No. CEE/535/2018/TA4

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## എം.എസ്.സി നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം-2018 റാങ്ക്‌ലിസ്റ്റ്, സാമുദായിക സംവരണത്തിന് അർഹരായവരുടെ ലിസ്റ്റ്, എന്നിവ പ്രസിദ്ധീകരിച്ചു.

2018 സെപ്റ്റംബർ 8-ന് തിരുവനന്തപുരത്ത് വച്ച് നടത്തിയ എം.എസ്.സി നഴ്സിംഗ് പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റ്, പ്രസിദ്ധീകരിച്ചു. എം.എസ്.സി നഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ സാമുദായിക സംവരണത്തിന് അർഹരായവരുടെ ലിസ്റ്റ്, സർവ്വീസ് ക്വാട്ടാ ലിസ്റ്റ് എന്നിവയും **www.cee-kerala.org**, **www.cee.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'PG Nursing-2018 Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് തങ്ങളുടെ പ്രൊഫൈൽ പരിശോധിക്കാവുന്നതാണ്. 16.09.2018 വൈകിട്ട് 5.00 മണി വരെ സ്വീകരിച്ച ഓപ്ഷൻ പ്രകാരമുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് 18.09.2018-ന് പ്രസിദ്ധീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104, 2332123** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
17. 09.2018